II.ഇ.ബി. XII--കേരള നിയമസഭ/V--6

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 ജൂൺ 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

40 (*151) സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്താൻ നടപടി

മുഖ്യമന്ത്രി (ശ്രീ. വി.എസ് അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സർക്കാർ ഉദ്യോഗങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് ആകെയുള്ള 83 വകുപ്പുകളിലേയും ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ എണ്ണവും അവയിൽ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ പ്രാതിനിധ്യവും വാർഷികമായി അവലോകനം ചെയ്ത് വിലയിരുത്താറുണ്ടെന്ന് സഭയെ അറിയിച്ചു. 2006-ൽ 78 വകുപ്പുകളിലെ അവലോകനം പൂർത്തിയായപ്പോൾ കൃഷി, ആയുർവേദം, എക്സൈസ്, മോട്ടോർ വെഹിക്കിൾ, പഞ്ചായത്ത്, തുറമുഖം, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ പ്രാതിനിധ്യക്കുറവ് കണ്ടെത്തിയതിനാൽ പട്ടികജാതിക്കാർക്കുമാത്രം ഗസറ്റഡ്-നോൺ ഗസറ്റഡ് വിഭാഗങ്ങളിലായി 178 തസ്തികകളിലും പട്ടികവർഗ്ഗക്കാരുടെ 82 തസ്തികകളിലും സ്പെഷ്യൽ

റിക്രൂട്ട്മെന്റ് നടത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്. 2007-ൽ 19 വകുപ്പുകളിലെ അവലോകനവും പൂർത്തിയാക്കി ഉത്തരവിറക്കിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും അവലോകനം പൂർത്തിയാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിച്ചു വരുന്നു. ആകെയുള്ള തസ്തികകളിൽ 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കു ന്നതിൽ 2 ശതമാനം പട്ടികവർഗ്ഗക്കാർക്കുമാത്രമായി നിജപ്പെടുത്തിയിരി ക്കുന്നു. നിശ്ചിത ശതമാനത്തിൽ കുറവുണ്ടെങ്കിൽ ഗസറ്റഡ് വിഭാഗത്തിൽ ഒരു ശതമാനവും നോൺ ഗസറ്റഡ് വിഭാഗത്തിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ 5 ശതമാനവും ലാസ്റ്റ് ഗ്രേഡിൽ 5 ശതമാനവും സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നിശ്ചയിച്ച് ഉത്തരവിറക്കുന്നതുകൂടാതെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ പുരോഗതി പ്രതിമാസ അവലോകനത്തിന് വിധേയമാക്കി ഉറപ്പു വരുത്താറുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് പട്ടികവർഗ്ഗക്കാർക്കു മാത്രമായി സംവരണം ചെയ്ത 530 തസ്തികകളും പട്ടികജാതി-പട്ടികവർഗ്ഗ ക്കാർക്ക് അപേക്ഷിക്കാവുന്ന 432 തസ്തികകളും ഉൾപ്പെടെ 962 തസ്തിക കളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തേണ്ടതായി കാണുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യത്തിൽ വീഴ്ചകളോ കുറവുകളോ വരുത്തിയിട്ടുണ്ടെങ്കിൽ അതിന് കാരണക്കാരായ വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിക്കുന്നവർക്ക് വേണ്ടത്ര പരിജ്ഞാനം ഉണ്ടാക്കാൻ വകുപ്പു തലത്തിൽ ഹ്രസ്വകാല കാര്യക്ഷമതാ കോഴ്സ് സംഘടിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി എസ്.സി./എസ്.ടി. സംവരണതത്വത്തിൽ പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ

സർവ്വീസിൽ ഓരോ തസ്തികയിലും പ്രത്യേകം പ്രത്യേകം സംവരണം ഏർപ്പെടുത്തിയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരെ ജോലിക്ക് നിശ്ചയിക്കുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലുമൊക്കെ പട്ടികജാതി പട്ടികവർഗ്ഗക്കാരെ ലാസ്റ്റ്ഗ്രേഡിൽ മാത്രം നിയമിക്കുന്ന തരത്തിലുള്ള വിവേചനം അവസാനിപ്പിക്കാൻ പി.എസ്.സി.ചെയർമാനുമായിട്ട് ചർച്ചചെയ്ത് വേണ്ടത് ചെയ്യുന്നതാണ്. ജുഡീഷ്യൽ ഓഫീസർമാരുടെ നിയമനത്തിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചീഫ് ജസ്റ്റീസ് ഉറപ്പു നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നടത്തുന്ന നിയമനങ്ങളിലും സംവരണതത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും സർക്കാർ ഖജനാവിൽ നിന്നും ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ സാമൂഹ്യ നീതി ഏത് തലത്തിൽ നടപ്പാക്കാൻ കഴിയുമെന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യ ങ്ങൾക്കുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

41 (*152) <u>റേഷൻ കാർഡിൽ ഫോട്ടോ പതിക്കുന്ന നടപടി</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, റേഷൻ കാർഡിൽ പതിക്കുന്ന തിനുള്ള ഫോട്ടോ എടുക്കുന്നതിന് ഇലക്ഷൻ തിരിച്ചറിയൽ കാർഡ് തയ്യാറാക്കിയ പരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് സഭയെ അറിയിച്ചു

ഒരു കാർഡ് ഫോട്ടോ പതിച്ച് വിവരങ്ങൾ ഉൾക്കൊള്ളിച്ച് ലാമിനേറ്റ് ചെയ്ത് നൽകുന്നതിന് ടാക്സ് ഉൾപ്പെടെ 10.40 രൂപ കെൽട്രോണിന് നൽകുന്നതു കൂടാതെ കാർഡിനുള്ളിലെ പേജുകൾ ഗവണ്മെന്റ് പ്രസ്സിൽ അച്ചടിക്കുന്ന ചെലവും ഗവണ്മെന്റ് വഹിക്കേണ്ടതായി വരും. ഇതിനുവേണ്ടി കഴിഞ്ഞ തവണത്തെ അതേ നിരക്കിൽ കാർഡ് ഒന്നിന് 15 രൂപ ഉപഭോക്താക്ക ളിൽനിന്ന് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നുരണ്ടു മാസങ്ങൾക്കകം പുതുക്കിയ റേഷൻകാർഡ് വിതരണത്തിനാവശ്യമായ നടപടികൾ പൂർത്തീക രിക്കുകയും അതിനുശേഷം പുതിയ കാർഡുകൾ വിതരണം ചെയ്യാനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യും. റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായി കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതും കോൺട്രാക്ട് ബേസിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതും റിവ്യൂ നടത്തി തീരു മാനിക്കുന്നതാണ്. ഫോട്ടോ എടുക്കാൻ പോകാൻ കഴിയാത്തതരത്തിൽ അവശനിലയിൽ കഴിയുന്ന ഗൃഹനാഥ/ഗൃഹനാഥന്റെ ഫോട്ടോ വാങ്ങി കാർഡിൽ പതിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്ന താണ്. റേഷൻ കാർഡിലെ ഗൃഹനാഥൻ/ഗൃഹനാഥ പ്രവാസിയാണെങ്കിൽ ആ റേഷൻ കാർഡിലെ തൊട്ടടുത്തയാളിന്റെ ഫോട്ടോ വയ്ക്കാവുന്നതാണ്. ഫോട്ടോ എടുക്കുന്ന സമയത്ത് ഏതെങ്കിലും കുടുംബം സ്ഥലത്തില്ലെങ്കിൽ പിന്നീട് അതിനുള്ള അവസരം നൽകണമെന്ന് താലൂക്ക് സപ്ലൈ ഓഫീ സർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ റേഷൻ കാർഡുകൾ കഴിയുന്നത്ര ഒഴിവാക്കാനുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണെന്ന് ഉപചോദ്യ ത്തിനുത്തരമായി മന്ത്രി അറിയിച്ചു.

42 (*153) സർക്കാർ ജീവനക്കാരുടെ സേവന വേതന വിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ മുഴുവൻ സർക്കാർ ജീവനക്കാരുടേയും സേവന വേതന വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനായി 'സ്പാർക്ക്' (SPARK-Service and Payroll Administrative Repository for Kerala) എന്ന ഒരു ഇന്റർനെറ്റ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഓരോ സർക്കാർ ഓഫീസിനും ഇന്റർനെറ്റ് വഴിയോ കേരള സംസ്ഥാന വൈഡ് ഏരിയാ നെറ്റ് വർക്ക് (KSWAN) വഴിയോ പ്രസ്തുത പദ്ധതി അക്സസ് ചെയ്ത് ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ നിർവ്വഹിക്കാവുന്നതാണ്. ഈ പദ്ധതിയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ 'www.spark.gov.in' എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ജീവനക്കാരുടെ സേവന വേതന സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുക, ബന്ധപ്പെട്ട റിപ്പോർട്ടുകൾ തയ്യാറാക്കുക, ശമ്പള ബഡ്ജറ്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾ വളരെ സുതാര്യമായും എളുപ്പത്തിലും നടത്തുന്നതിന് ഈ പദ്ധതി സഹായിക്കുന്നു. 24 വകുപ്പുകളിൽ ഈ പദ്ധതിയുടെ നിർവ്വഹണം പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. സെക്രട്ടേറിയറ്റ് ഉൾപ്പെടെ 13 ഓഫീസുകളിൽ ഈ സംവിധാനം ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ പണം ഗവണ്മെന്റ് വകയിരുത്തിയിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ, കെൽട്രോൺ തുടങ്ങിയ ഏജൻസികൾ വഴി ഇപ്പോൾത്തന്നെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവര ശേഖരണം നടക്കുന്നുണ്ട്. ആരംഭദശയിലുള്ളതും സങ്കീർണ്ണവും ബൃഹത്തുമായ ഈ പദ്ധതി മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ

കഴിയുന്ന തരത്തിലാണ് നടപ്പിലാക്കി വരുന്നത്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടേതുപോലെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെയും ശംപളം എ.ടി. എം. ലൂടെ കൈമാറുന്ന കാര്യവും ജീവനക്കാർക്ക് എംപ്ളോയീസ് കോഡ് നൽകുന്ന കാര്യവും പരിശോധിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്കുത്തര മായി മുഖ്യമന്ത്രി വ്യക്തമാക്കി.

43 (*154) <u>കേന്ദ്ര കാർഷിക പാക്കേജും ക്ഷീരവികസനവും</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പുകളിൽ കേന്ദ്ര കാർഷിക പാക്കേജ് പ്രകാരം വയനാട്, പാലക്കാട്, കാസർഗോഡ് ജില്ല കളിൽ 15.07 കോടി രൂപ ചെലവിൽ നടപ്പിലാക്കി വരുന്ന വിദർഭ മോഡൽ പദ്ധതിയിലൂടെ ഉൽപാദനക്ഷമത കൂടിയ 3000 മുന്തിയ ഇനം പശുക്കളെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന നടപടി തുടരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇവയ്ക്ക് സൗജന്യമായി കൃത്രിമ ബീജാധാനവും വന്ധ്യതാ നിവാരണ സേവനങ്ങളും ലഭ്യമാക്കുന്നതു കൂടാതെ സൗജന്യ നിരക്കിൽ തീറ്റയും പ്രജനന പരിപാടികളും നടത്തിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ 2 പശുക്ക ളുള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 168.60 ലക്ഷം രൂപയും കൃത്രിമ ബീജ സങ്കലന പദ്ധതി പ്രകാരം 34.25 ലക്ഷം രൂപയും പുതുതായി വാങ്ങുന്ന പശുക്കൾക്കുള്ള തീറ്റ സൗജന്യ നിരക്കിൽ നൽകുന്ന പദ്ധതി പ്രകാരം 68.40 ലക്ഷം രൂപയും ഉൾപ്പെടെ 271.25 ലക്ഷം രൂപ ചെലവഴിച്ചി ട്ടുണ്ട്. ഇതുപ്രകാരം ഒരു പശുവിന് ഒരു വർഷത്തേയ്ക്ക് 9125 രൂപയുടെ ആനുകൂല്യവും 1500 കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റയും ലഭ്യമാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഗുണഭോക്താവിന് 30000 രൂപ

വീതം സബ്സിഡിയും ബാങ്ക് ലോണും ലഭിക്കുന്നു. കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഓരോ ജില്ലയിലും പ്രതിവർഷം 500 കന്നുകുട്ടികൾക്ക് ഗുണ നിലവാരമുള്ള തീറ്റ നൽകുന്നതിനായി ഒരു കന്നുകുട്ടിക്ക് 7300 രൂപയുടെ ആനുകൂല്യം ലഭ്യമാകും. കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ 10000 ലിറ്റർ ശേഷിയുള്ളതും പാലക്കാട് ജില്ലയിൽ 20000 ലിറ്റർ ശേഷിയുള്ളതുമായ മിൽക്ക് ചില്ലിംഗ് പ്ളാന്റും മിൽക്ക് പാക്കിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുന്നതിനും വിപണനം വർദ്ധിപ്പിക്കു ന്നതിനുമുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൃത്രിമ ബീജസങ്കലനം നട ത്തിയും വിദേശത്തുനിന്നും നല്ലയിനം കാളകളെ ഇറക്കുമതി ചെയ്തും പശു ക്കളുടെ യീൽഡ് കൂട്ടാനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. മൃഗസംരക്ഷണ മേഖലയിൽ ജോലി ചെയ്യുന്നതിന് കർഷകരെ പ്രേരിപ്പിക്കാൻ കഴിയുന്ന രീതി യിൽ കേന്ദ്ര പാക്കേജിലെ നോംസിൽ മാറ്റം വരുത്തണമെന്ന കാര്യവും കാലി ത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തുന്ന കാര്യവും കേന്ദ്രത്തെ ബോധ്യപ്പെടു ത്തിയിട്ടുണ്ട്. നിലവിലുള്ള 24 ലക്ഷം കന്നുകാലികളെയും ഇൻഷ്വർ ചെയ്യാ നുള്ള പരിപാടികളുണ്ട്. മാട്ടുപ്പെട്ടിയിൽനിന്നും പ്രദർശനങ്ങളിൽ പങ്കെടുപ്പി ക്കാനായി പുറത്തുകൊണ്ടുപോകുന്ന വളരെയധികം പാലുൽപ്പാദിപ്പിക്കുന്ന സങ്കരയിനം പശുക്കളെ വിലകുറച്ചു വിൽക്കുന്ന കാര്യം പരിശോധിക്കാ മെന്നും കടക്കെണിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പുതിയ വായ്പ കൊടു ക്കുന്ന കാര്യത്തിൽ ഇപ്പോൾ ബാങ്കുകൾ സഹകരിക്കുന്നുണ്ടെന്നും കന്നുകാ ലികൾക്ക് രോഗം വന്നോ, അപകടത്തിൽപ്പെട്ടോ ചത്തുപോയാൽ ക്ഷീര കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താൻ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പദ്ധതി ആലപ്പുഴ, പാലക്കാട് ജില്ലകളിൽ പ്രാവർത്തികമാക്കിയതുപോലെ മറ്റ്

ജില്ലകളിലും പ്രാവർത്തികമാക്കുന്ന കാര്യം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധ യിൽപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്ത മാക്കി.

44 (*155) പശുക്കുട്ടി പരിപാലനം

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പശുക്കുട്ടി പരിപാലന പദ്ധതിയിൽ സങ്കരയിന ത്തിൽപ്പെട്ട നാല് മുതൽ ആറ് മാസംവരെ പ്രായമുള്ള പശുക്കുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. ഈ പദ്ധതിയനുസരിച്ച് പശു ക്കുട്ടികളെ സംരക്ഷിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽനിന്നുള്ള 3250/- രൂപയും അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 3250/- രൂപയും ഉൾപ്പെടെ 6500/- രൂപ നൽകും. പശുക്കുട്ടികളുടെ ഇൻഷ്വറൻസിന്റെ 90 ശത മാനവും ഗവണ്മെന്റ് ഏജൻസികളാണ് വഹിക്കുന്നതെന്നും കേരളത്തിൽ ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പശുഗ്രാമം, വിദർഭ മോഡൽ, മിൽക്ക് ഷെഡ് തുടങ്ങിയ പദ്ധ തികൾ പ്രാവർത്തികമാകുന്നതോടുകൂടി സംസ്ഥാനത്ത് പാൽ ഉൽപാദനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പശുക്കുട്ടി പരിപാലന പദ്ധതി അടിയന്തിരമായി അവലോകനം ചെയ്യുന്നതാണെന്നും ഉപചോദ്യ ങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

45 ({*157) പൊതുജന പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, പൊതുജന പരാതി പരിഹാര സെല്ലിന്റെ പ്രവർത്തന റിപ്പോർട്ട് അവലോകനം ചെയ്ത് പ്രവർത്തനം

വിലയിരുത്തിയിട്ടുണ്ടെന്നറിയിച്ചു. സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. ഈ സെല്ലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കിടയിൽ കൂടുതൽ പ്രചാരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

46 (*158) <u>ഹൈടെക് ഡയറി ഫാമുകൾ</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ക്ഷീര വികസനത്തിന് കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി, ധോണി ഡയറി ഫാമുകൾ ഹൈടെക് ഡയറി ഫാമുകളാക്കി മാറ്റുന്നതു കൂടാതെ വയനാട്, ഇടുക്കി ജില്ലകളിൽ പുതുതായി ഹൈടെക് ഫാമുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെന്നറിയിച്ചു.

47 (* 164) <u>കാലിത്തീറ്റ ഉൽപ്പാദനം</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവയാണ് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെന്നറിയിച്ചു. കേരള ഫീഡ്സ് ലിമിറ്റഡിൽ 2002-03-ൽ ശരാശരി പ്രതിദിനം 350 മെട്രിക് ടൺ ഉൽപ്പാദനമുണ്ടായിരുന്നത് 2005-06-ൽ 464 MT ആക്കി വർദ്ധിപ്പിച്ചിരുന്നു. ഉൽപ്പാദനം ഇനിയും കൂട്ടാനുള്ള ശ്രമത്തിന്റെ ഭാഗമായി rated capacity 650 MT ആക്കി വർദ്ധിപ്പിക്കുന്നതിനായി ഉൽപ്പാദന പ്രക്രിയയിൽ മാറ്റം വരുത്തി പുതിയ പെല്ലറ്റ് മില്ലും അനുബന്ധ ലൈൻ ബാലൻസിംഗ് ഫെസിലിറ്റിയും ഏർപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (മിൽമ) കീഴിൽ മലമ്പുഴയിൽ പ്രവർത്തിക്കുന്ന കാലിത്തീറ്റ മിശ്രണ ഫാക്ടറിയുടെ ഉൽപ്പാദനം 200 മെട്രിക് ടണ്ണിൽ നിന്നും 300 മെട്രിക് ടൺ ആയി ഉയർത്തുന്നതിനും മിൽമയുടെ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, മലപ്പുറം ജില്ലയിലെ ആതവനാട് എന്നിവിടങ്ങളിൽ കേരള ഫീഡ്സിന്റെ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

48 (* 167) <u>ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയിസ് സയൻസ് ടെക്നോളജി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയിസ് സയൻസ് ടെക്നോളജി തിരുവനന്തപുരം ജില്ലയിലെ പൊൻമുടിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിന്റെ മുഴുവൻ ധനസഹായവും ഇൻഡ്യൻ ബഹിരാകാശ വകുപ്പുവഴി കേന്ദ്ര ഗവൺമെന്റാണ് വഹിക്കുന്നതെന്നും അറിയിച്ചു. ഇതിന്റെ മാനേജ്മെന്റ് ബോർഡിൽ സംസ്ഥാന ചീഫ് സെക്രട്ടറി അംഗമായിരിക്കും. ആദ്യഘട്ട നടപടി 2007-08 വർഷത്തിൽ ആരംഭിക്കാൻ കഴിഞ്ഞേക്കുമെന്ന് ഐ.എസ്.ആർ.ഒ. അറിയിച്ചിട്ടുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നതാണ്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

60 (1136&1137) ഐ.ടി. പാർക്കുകൾ

സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി ഒഴികെയുള്ള ജില്ലകളിൽ പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട്, പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

61 (1138) അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള ട്രെയിൻ ടിക്കറ്റ് വിതരണം

മലപ്പുറം ജില്ലയിലെ 26 അക്ഷയ കേന്ദ്രങ്ങളിൽ 2007 ജൂൺ 11-ന് ഇ-ടിക്കറ്റിംഗ് സംവിധാനം ആരംഭിച്ചു. മലപ്പുറത്തെ മറ്റ് അക്ഷയ കേന്ദ്രങ്ങളിലും കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലും ഇ-ടിക്കറ്റിംഗ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

62 (1194) ഫുഡ് സിറ്റി പദ്ധതി

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ വകുപ്പുമന്ത്രി ശ്രീ. സുബോധ്കാന്ത് സഹായിയുമായി നടത്തിയ ചർച്ചകളുടെ ഫലമായി സംസ്ഥാനത്ത് ഫുഡ് സിറ്റി അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം താമസിയാതെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

63 (1224) പാചക വാതക സിലിണ്ടറുകളുടെ ദുരുപയോഗം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പാചക വാതക സിലിണ്ടറുകളുടെ ദുരുപയോഗം സംബന്ധിച്ച് 1275

കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കുറ്റത്തിന് 1955-ലെ അവശ്യ സാധന നിയമത്തിലെ 7-ാം വകുപ്പു പ്രകാരം ഗ്യാസ് സിലിണ്ടറുകൾ കണ്ടുകെട്ടുന്നതിനും പരമാവധി 7 വർഷംവരെ തടവും പിഴയും നൽകുന്നതിനും വ്യവസ്ഥയുണ്ട്.

64 (1232) <u>മിൽമയുടെ പാൽ ഉൽപ്പാദനവും വിതരണവും</u>

മിൽമ പ്രതിദിനം 8.5 ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും 10 ലക്ഷം ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് (2006-07-ൽ) പാൽ സംഭരണത്തിൽ 6.3 ശതമാനത്തിന്റേയും വിപണനത്തിൽ 9.15 ശതമാനത്തിന്റേയും വർദ്ധനവുണ്ടായിട്ടുണ്ട്.

65 (1238) <u>വെറ്ററിനറി സർവ്വകലാശാല</u>

സംസ്ഥാനത്ത് വയനാട് ജില്ലയിലെ പൂക്കോട് ആസ്ഥാനമാക്കി വെറ്ററിനറി സർവ്വകലാശാല തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

66(1256) <u>വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ</u>

സംസ്ഥാനത്ത് ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ കെ.എസ്.ഐ.ഡി.സി.ക്ക് നാല് വ്യവസായ വളർച്ചാ കേന്ദ്രങ്ങളുണ്ട്.

67 (1297) <u>ഖാദി ഗ്രാമ വ്യവസായങ്ങളുടെ സംരക്ഷണം</u>

ഖാദി ഗ്രാമ വ്യവസായങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും ഖാദി സ്ഥാപനങ്ങളുടെ ധനസഹായത്തിനുമായി നടപ്പ് വർഷം 50 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്;

ഖാദി സ്ഥാപനങ്ങളുടെ റിബേറ്റ് കുടിശ്ശിക നൽകുന്നതിന് കഴിഞ്ഞ വർഷവും ഈ വർഷവുമായി 9 കോടി രൂപ വകയിരുത്തിയതിൽ കഴിഞ്ഞ വർഷം 4.30 കോടി രൂപ നൽകി;

21 ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കി;

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ പലിശ സബ്സിഡി പദ്ധതിയും സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.